LIBRARY ARCHIVES Kerala Legislative Assembly

വാച്ചുമരം ആദിവാസി കോളനിയിൽ ക്ഷയരോഗംമൂലമുള്ള മരണങ്ങൾ

202 (4786) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം ആദിവാസി കോളനിയിൽ ക്ഷയരോഗം ബാധിച്ച് കഴിഞ്ഞ വർഷങ്ങളിൽ തുടർച്ചയായി മരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസി മേഖലകളിൽ ക്ഷയരോഗംമൂലം ആളുകൾ മരണപ്പെടുന്നത് തടയുന്നതിനായി ആരോഗ്യവകുപ്പുമായി ചേർന്ന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ കോളനിയിൽ ക്ഷയരോഗം പകരുന്നത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗ നിർണ്ണയ ക്യാമ്പ്, മരുന്ന് വിതരണം എന്നിവ നടത്തുന്നുണ്ട്.

ചേർത്തല താലൂക്കിലെ പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായം

203 (4787) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ച ചികിത്സാ ധനസഹായം എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ചേർത്തല താലൂക്കിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഈ സർക്കാർ കാലയളവിൽ നൽകിയ ചികിത്സാ ധനസഹായം എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ചികിത്സാ ധനസഹായം അനുവദിച്ചു എന്ന് അറിയിപ്പ് ലഭിക്കുകയും അപേക്ഷകർക്ക് ഇനിയും തുക ലഭിക്കാത്തതുമായ കേസുകൾ ചേർത്തല താലൂക്കിൽ എത്രയെണ്ണമുണ്ടെന്നും അതിനായി നൽകാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത വ്യക്തികൾക്ക് തുക ഇനിയും ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; ഈ തുക അടിയന്തരമായി ഇവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?